17
2026
ഒക്ടോബർ
ശനി
കന്നി 31

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 194 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-194 | പേജ് 4. വില 2.00 രൂപ




02 കിഫ്ബി പുനഃസംഘടനാ സമിതി അംഗങ്ങളുടെ പദവികളിൽ തിരുത്തൽ

03 പ്രിയദർശിനി കാരണം രക്ഷയില്ല; സ്വകാര്യ ബസുകൾ പണിമുടക്കിലേക്ക്

04 ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിൽ മാർഗനിർദേശവുമായി കുഫോസിൽ 'ഓഫീസ് അവേഴ്സ്'

# ചാലിയം ഫിഷ് ലാൻഡിംഗ് സെന്ററിന് 17 കോടിയുടെ ഭരണാനുമതി

## ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുമെന്ന് മന്ത്രി വി. ഇ അബ്ദുൾ ഗഫൂർ

തിരുവനന്തപുരം : ചാലിയം മത്സ്യബന്ധന കേന്ദ്രത്തിന്റെ സമഗ്ര വികസന പദ്ധതിക്കായി 17 കോടി രൂപയുടെ ഭരണാനുമതി നൽകിയതായും വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുമെന്നും ഫിഷറീസ് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ നിയമസഭയിൽ അറിയിച്ചു. ലേലപ്പുര, നെറ്റ് മെൻഡിംഗ് ഷെഡ്, പാർക്കിംഗ് ഏരിയ, കാന്റീൻ, ശൗചാലയം, കടമുറികൾ എന്നിവ ഉൾപ്പെടുന്നതാണ് പുതിയ പദ്ധതി.



നിർദിഷ്ട പദ്ധതിക്കാവശ്യമായ ഭൂമി നിലവിൽ വനം വകുപ്പിന്റെ ആസ്തിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. മുൻപ് ലഭിച്ച സ്റ്റേജ് 1 അനുമതി സാങ്കേതിക തടസ്സങ്ങൾ കാരണം റദ്ദായ സാഹചര്യത്തിൽ, പരിവേഷ് പോർട്ടൽ വഴി ഫിഷറീസ് വകുപ്പ് പുതുതായി സ്റ്റേജ് 1 ക്ലിയറൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പി.എ മുഹമ്മദ് റിയാസിന്റെ സബ്മിഷന് മറുപടിയായി മന്ത്രി വിശദീകരിച്ചു. കോഴിക്കോട് ചെമ്പനോട് വില്ലേജിൽ കണ്ടെത്തിയ ഭൂമിയിൽ നിന്നാണ് പകരമായി വനവൽക്കരണത്തിന് ഭൂമി നൽകുക.

കൂടാതെ, പദ്ധതി പ്രദേശത്ത് നിലനിൽക്കുന്ന താൽക്കാലിക നിർമ്മിതികൾ പൊളിച്ചു നീക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എയേയും മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു പ്രാദേശിക കമ്മിറ്റി രൂപീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രദേശം സി.ആർ.ഇസെഡ് പരിധിയിൽ വരുന്നതിനാൽ നിർമ്മാണത്തിന് മുൻപായി സി.ആർ.ഇസെഡ് ക്ലിയറൻസും ലഭ്യമാക്കേണ്ടതുണ്ട്. ഭൂമി കൈമാറി ലഭിക്കുകയും ക്ലിയറൻസുകൾ ലഭ്യമാവുകയും ചെയ്യുന്ന മുറയ്ക്ക് സാങ്കേതികാനുമതിയും ടെൻഡർ നടപടികളും പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

# വന്യജീവി ആക്രമണം: ഇരകളാകുന്നവർക്ക് പെൻഷൻ പദ്ധതി സർക്കാരിൻെറ പരിഗണനയിൽ

കോഴിക്കോട്: വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കും സാരമായി പരിക്കേറ്റ് ഉപജീവനമാർഗം മുടങ്ങിയിരിക്കുന്നവർക്കും പെൻഷൻ പദ്ധതി നടപ്പിലായാലോ സംസ്ഥാനത്തെ മലയോര കർഷകർക്കടക്കം സന്തോഷം പകരുന്ന വാർത്തയാണ് വനംമന്ത്രി ഷിബു ബേബി ജോണിൽ നിന്നുണ്ടായിരിക്കുന്നത്.

വന്യജീവി ആക്രമണങ്ങൾക്കിരയാകുന്നവരുടെ ആശ്രിതർക്ക് പെൻഷൻ നൽകുന്ന പദ്ധതി സർക്കാരിൻെറ പരിഗണനയിലാണെന്നാണ് കഴിഞ്ഞദിവസം വനംമന്ത്രി നിയമസഭയിൽ നൽകിയ മറുപടി. എംഎൽഎമാരായ ഐ.സി. ബാലകൃഷ്ണൻ, ആര്യാടൻ ഷൗക്കത്ത്, എഫ്. രാജ എന്നിവർ ഉന്നയിച്ച ചോദ്യത്തിനുള്ള ചോദ്യത്തിനുള്ള മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾ നേരിടുന്നവർക്കുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിൻെറയും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൻെറയും ഭാഗമായി നിയമസഭാ മണ്ഡലതലത്തിൽ പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

# പിണറായി ഇഡിയ്ക്കു മുന്നിലേക്ക്; 23നു ഹാജരാകാൻ നോട്ടീസ്

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് മാസപ്പടി ഇടപാട് കേസിൽ വിജിലൻസ് കേസെടുത്തതിനു പിന്നാലെ, മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ ഇഡിയുടെ ചോദ്യമുനയിലേക്ക്. 23നു കൊച്ചിയിൽ ഇഡി ഓഫീസിൽ ഹാജരാകണമെന്നു നിർദേശിക്കുന്ന സമൻസ് ഇഡി പുറപ്പെടുവിച്ചു.

കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാനുള്ള സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ പിണറായി സുപ്രീം കോടതിയിൽ അപ്പീൽ ഹർജി നൽകാനുള്ള നീക്കം നടത്തുന്നതിനിടെയാണ് ഇഡിയുടെ തിരക്കിട്ട നീക്കം.

സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ അപ്പീൽ അനുവദിക്കണമെന്ന മുൻ മുഖ്യമന്ത്രി പിണറായി വിജയനടക്കമുള്ളവരുടെ ഉപഹർജികൾ ഹൈക്കോടതി ഡിവിഷൻബെഞ്ച് തള്ളിയിരുന്നു. എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ സിംഗിൾബെഞ്ച് പുറപ്പെടുവിച്ച ഉത്തരവും അപ്പീൽ അവകാശം നിഷേധിച്ച ഡിവിഷൻബെഞ്ച് നടപടിയും ചോദ്യം ചെയ്താണ് അപ്പീൽ നൽകുക.ഇഡിയ്ക്കു മുന്നിലേക്കു മുൻ മുഖ്യമന്ത്രിയും സിപിഎമ്മിൻെറ പ്രമുഖ നേതാവുമായ പിണറായി എത്തുന്നത്, കേരളരാഷ്ട്രീയത്തിൽ നിർണായകമാകും.

# ആ കോടികൾ എവിടെ? വി. ഡി. സതീശൻ..

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സമഗ്ര അവലോകനത്തിനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ ദിവസം പുറത്തു വന്നിരുന്നു. ഇതിനു പിന്നാലെ മുൻ ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് നടത്തിയ വാർത്താ സമ്മേളനത്തിൽ കിഫ്ബിയുടെ കൈവശം '30, 000' കോടി രൂപ പണമായും നിക്ഷേപമായും ഉണ്ടെന്നും ഇതിലാണ് ഈ സർക്കാരിന്റെ കണ്ണ് എന്നാണ് പറഞ്ഞിരിക്കുന്നത്.

എന്നാൽ കിഫ്ബിയുടെ വെബ്സൈറ്റിൽ ലഭ്യമായ ഓഡിറ്റ് രേഖകളിൽ നിന്നും 2026 മാർച്ച് 31ലെ കിഫ്ബിയുടെ ആകെ നീക്കിയിരിപ്പ് 10, 633 കോടി രൂപയാണ്. ഇതിൽ 4,128 കോടി രൂപ സർക്കാരിന്റെ തന്നെ ട്രഷറി കോർപ്പസ് ഫണ്ട് ആണ്. ഇത് കിഴിച്ചാൽ കിഫ്ബിയുടെ ആകെ നിക്ഷേപം 6,521 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കിഫ്ബിയുടെ പണമായും നിക്ഷേപമായും ഉണ്ടായിരുന്നത് 6521 കോടി രൂപയാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പക്ഷെ, കിഫ്ബിയുടെ കടബാധ്യത 32,000 കോടി രൂപയോളമാണ്.

അങ്ങനെയെങ്കിൽ സുപ്രധാനമായ ഒരു ചോദ്യമുയരുന്നു. മുൻ മന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞ കിഫ്ബിയുടെ കൈവശമുള്ള '30, 000' കോടി രൂപ 2026 മാർച്ച് 31 ആയപ്പോൾ 6521 കോടി ആയത് എങ്ങിനെ?

കിഫ്ബിയുടെ മുൻ ചെയർമാനും അന്നത്തെ മുഖ്യമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവായ പിണറായി വിജയനും മുൻ ധനമന്ത്രി കെ. എൻ ബാലഗോപാലും ഈ ചോദ്യത്തിന് മറുപടി നൽകണം.

# മെസിയുടെ പേരിലെ തട്ടിപ്പ്: അബ്ദുറഹ്മാനെതിരായ വിജിലൻസ് അന്വേഷണത്തിന് ഗവർണറുടെ അനുമതി തേടി സർക്കാർ

തിരുവനന്തപുരം: മെസിയെ കേരളത്തിലേക്ക് കൊണ്ട് വരാമെന്ന് പറഞ്ഞുള്ള തട്ടിപ്പിൽ മുൻ കായികമന്ത്രി വി. അബ്ദുറഹ്മാനെതിരായ വിജിലൻസ് അന്വേഷണത്തിന് ഗവർണറുടെ അനുമതി തേടി സർക്കാർ. മുഖ്യമന്ത്രി ഒപ്പിട്ട ഫയൽ സർക്കാർ ലോക്ഭവന് കൈമാറി.മെസിയുടെ പേരിലുള്ള തട്ടിപ്പിൽ കഴിഞ്ഞ മാസം അഞ്ചിനാണ് എസ്ഐടി വിശദമായ റിപ്പോർട്ട് സർക്കാരിന് നൽകിയത്. അബ്ദുറഹ്മാൻ, അദ്ദേഹത്തിൻെറ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന സത്യപാലൻ, സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡൻറ് യു. ഷറഫലി എന്നിവർക്ക് തട്ടിപ്പിൽ കൃത്യമായ പങ്കുണ്ടെന്നാണ് അന്വേഷണ സംഘത്തിൻെറ കണ്ടെത്തൽ.സത്യപാലൻ, ഷറഫലി എന്നിവർക്കെതിരായ വിജിലൻസ് അന്വേഷണത്തിന് മുഖ്യമന്ത്രി അനുമതി നൽകി. ഗവർണറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അബ്ദുറഹ്മാനെതിരെയും അന്വേഷണം ആരംഭിക്കും.സ്വകാര്യ വ്യക്തികളെ കൂടാതെ സർക്കാർ തലത്തിലും ഉന്നതതല ഗൂഢാലോചന നടന്നിട്ടുണ്ടെന്നും കണ്ടെത്തിയിരുന്നു. റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി ഉടമയാർ ആൻറോ അഗസ്റ്റിൻ ഉൾപ്പെടെയുള്ളവരെ പ്രതി ചേർത്താണ് പ്രത്യേക സംഘം അന്വേഷണം തുടങ്ങിയത്. വഞ്ചനയ്ക്കും സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തതിനും പുറമേ, അഴിമതി നിരോധന നിയമപ്രകാരവും കേസ് എടുത്തു അന്വേഷിക്കണമെന്നായിരുന്നു എസ്ഐടിയുടെ പ്രധാന ശിപാർശ.

# യുവതിയെ കൊലപ്പെടുത്തി കത്തിച്ച സംഭവത്തിൽ യുവാവ് പിടിയിൽ

ഇടുക്കി: ഇടുക്കിയിലെ പാമ്പ്ലയിൽ പതിനെട്ടുകാരിയെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തി പെട്രോൾ ഒഴിച്ച് കത്തിച്ച സംഭവത്തിൽ യുവാവ് പിടിയിൽ. രാജാക്കാട് സ്വദേശി നിഷാന്തി(19)നെയാണ് പൊലിസ് കസ്റ്റഡിയിലെടുത്തത്.

പാമ്പ്ല ചെക്ക് പോസ്റ്റിന് സമീപം കഴിഞ്ഞദിവസം കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ മൃതദേഹം തമിഴ്നാട് സ്വദേശിനിയുടേതാണെന്ന് തിരിച്ചറിഞ്ഞതോടെയാണ് ക്രൂരമായ കൊലപാതകത്തിൻെറ വിവരങ്ങൾ പുറത്തുവന്നത്.

വിവാഹം കഴിക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്നാണ് പ്രാഥമിക വിവരം. ഏഴാം ക്ലാസ് മുതൽ പരസ്പരം അറിയാവുന്നവരാണ് ഇരുവരും എന്ന് ബന്ധുക്കൾ പറയുന്നു.

പെൺകുട്ടിയെ നിഷാന്ത് ഇടുക്കിയിലേക്ക് വിളിച്ചുവരുത്തുകയായിരുന്നുവെന്ന് ബന്ധുക്കൾ വ്യക്തമാക്കി. ഇവിടെയെത്തിയ ഇരുവരും തമ്മിൽ ആദ്യം വാക്കുതർക്കമുണ്ടായി. ഇതിനിടെ പെൺകുട്ടിയെ പ്രതി കഴുത്തുഞെരിച്ച് കൊലപ്പെടുത്തുകയായിരുന്നു.

തുടർന്ന് മരണം ഉറപ്പാക്കുന്നതിനായി കല്ല് ഉപയോഗിച്ച് മുഖത്ത് പലതവണ ഇടിക്കുകയും, തെളിവ് നശിപ്പിക്കുന്നതിനായി മൃതദേഹത്തിന്മേൽ പെട്രോൾ ഒഴിച്ച് കത്തിക്കുകയുമായിരുന്നു എന്ന് പൊലിസ് പറയുന്നു. ബന്ധത്തിൽ നിന്ന് പെൺകുട്ടി പിന്മാറാൻ ശ്രമിച്ചതാണ് പ്രതിയെ പ്രകോപിപ്പിച്ചത്.ബന്ധത്തിൽ നിന്ന് പിന്മാറുന്നതുമായി ബന്ധപ്പെട്ട് പെൺകുട്ടിയുടെ കുടുംബം നേരത്തെ പൊലിസിൽ പരാതി നൽകിയിരുന്നതായി വിവരമുണ്ട്. എന്നാൽ നിഷാന്ത് നിരന്തരം ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയിരുന്നതായി ബന്ധുക്കൾ ആരോപിക്കുന്നു.

രാജാക്കാട്, ബൈസൻവാലി മേഖലകളിലെ തോട്ടങ്ങളിൽ ജോലി ചെയ്ത് വരികയായിരുന്നു പ്രതി നിഷാന്ത്. സംഭവത്തിൽ പൊലിസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

# ഭീം ആപ്പിലൂടെ തത്കാൽ എൻപിഎസ് അക്കൗണ്ട് തുറക്കാം

തിരുവനന്തപുരം: ഭീം പേയ്മെന്റ്സ് ആപ്പിൽ 'തത്കാൽ എൻപിഎസ്' സൗകര്യം അവതരിപ്പിച്ച് എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ്. ബാങ്ക് ശാഖ സന്ദർശിക്കാതെയും പുതിയ രേഖകൾ സമർപ്പിക്കാതെയും യോഗ്യരായ ഉപയോക്താക്കൾക്ക് മൂന്നു ഘട്ടങ്ങളിലൂടെ ദേശീയ പെൻഷൻ പദ്ധതി അക്കൗണ്ട് തുറക്കാം. ബാങ്ക് നേരത്തേ പരിശോധിച്ച കെവൈസി വിവരങ്ങൾ ഉപയോഗിച്ച് ജനനത്തീയതി നൽകി ബാങ്ക് അക്കൗണ്ട് തെരഞ്ഞെടുത്ത് കുറഞ്ഞത് 250 രൂപയുടെ ആദ്യ സംഭാവന നടത്തിയാൽ മതി. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ആക്സിസ് ബാങ്ക്, ഇൻഡസ്ഇൻഡ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ എന്നിവയുടെ ഉപഭോക്താക്കൾക്ക് ഈ സൗകര്യം ലഭ്യമാണ്. 18 മുതൽ 85 വയസുവരെയുള്ള യോഗ്യരായ ഇന്ത്യൻ പൗരന്മാർക്ക് അക്കൗണ്ട് തുറക്കാം. തുടർന്നുള്ള സംഭാവനകൾ 10 രൂപ മുതൽ നടത്താം. പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള എൻപിഎസ്, വിരമിക്കൽ കാലത്തേക്കുള്ള സമ്പാദ്യം വളർത്താൻ സഹായിക്കുന്ന കുറഞ്ഞ ചെലവിലുള്ള പദ്ധതിയാണ്.



# നെല്ലുസംഭരണം വർധിപ്പിക്കും: മന്ത്രി അനൂപ് ജേക്കബ്



ഭക്ഷ്യ ദിനാഘോഷവും സിവിൽ സപ്ലൈസ് ദിനാഘോഷവും മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു

ഭക്ഷ്യഭദ്രത ഉറപ്പാക്കുന്നതിനായി സപ്ലൈകോയുടെ നേതൃത്വത്തിലുള്ള സംഭരണം വർധിപ്പിക്കുമെന്ന് ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. 2021 ൽ നെല്ല് സംഭരണം 7.5 ലക്ഷം മെട്രിക് ടൺ ആയിരുന്നത് ഈ വർഷം അഞ്ച് ലക്ഷത്തി മുപ്പതിനായിരം മെട്രിക് ടണ്ണായി ചുരുങ്ങി. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുമെന്നും മന്ത്രി പറഞ്ഞു. വഴുതക്കാട് മൗണ്ട് കാർമൽ ഹാളിൽ ലോക ഭക്ഷ്യ ദിനാഘോഷവും സപ്ലൈകോ ദിനാഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഭക്ഷ്യഭദ്രത എന്ന ലക്ഷ്യം മുൻനിർത്തി പൊതുവിതരണവകുപ്പിന്റെ സമഗ്രമായ നവീകരണവും ശാക്തീകരണവും നടപ്പാക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. 24 മണിക്കൂറും പ്രവർത്തിക്കുന്ന സപ്ലൈകോ സ്റ്റോറുകൾ ഉള്ള നാടായി കേരളം മാറുകയാണ്. ടൈഡ് ഓവർ വിഹിതം വർധിപ്പിക്കുന്നതടക്കമുള്ള ആവശ്യങ്ങൾ കേന്ദ്രസർക്കാരിന് മുന്നിൽ വെച്ചിട്ടുണ്ട്. സർക്കാരിന്റെ ആദ്യ നൂറുദിന കർമപദ്ധതിയിൽ ലക്ഷ്യമിട്ട മുൻഗണന കാർഡുകൾ കൊടുക്കുക, സഞ്ചരിക്കുന്ന റേഷൻ കടകൾ ആദിവാസി മേഖലകളിലേക്ക് എത്തിക്കുക, പുതിയ ആധുനിക സ്റ്റോറുകൾ തുടങ്ങുക മുതലായ എല്ലാ പദ്ധതികളും വകുപ്പ് പൂർത്തിയാക്കിയെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ 'സപ്ലൈകോയും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസനലക്ഷ്യങ്ങളും' എന്ന പഠന റിപ്പോർട്ട് മന്ത്രി അനൂപ് ജേക്കബ് പ്രകാശനം ചെയ്തു. ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ് പുസ്തകം ഏറ്റുവാങ്ങി. 2025–26ൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കും ഉള്ള പുരസ്കാരം മന്ത്രി അനൂപ് ജേക്കബ് സമ്മാനിച്ചു. മേയർ വി വി രാജേഷ്, കൗൺസിലർ രാഖി രവികുമാർ, സംസ്ഥാന ഭക്ഷ്യകമ്മിഷൻ ചെയർപേഴ്സൺ ഡോ. ജിനു സക്കറിയ ഉമ്മൻ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് കമ്മിഷണർ ഡോ. കെ ഹരികുമാർ, സപ്ലൈകോ മാനേജിങ് ഡയറക്ടർ ജയകൃഷ്ണൻ, പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ ഹിമ കെ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി ആൻഡ് രജിസ്ട്രാർ സൂരജ് പി. ടി., എന്നിവർ സന്നിഹിതരായിരുന്നു.

## കെഎസ്ആർടിസിക്ക് ബസ് വാങ്ങാൻ നവ്യ ബേക്ക്സിന്റെ 40 ലക്ഷം

കെഎസ്ആർടിസിക്ക് ബസ് വാങ്ങുന്നതിനായി എറണാകുളം ജില്ലയിലെ അങ്കമാലി കറുകുറ്റി ആസ്ഥാനമായി പ്രവർത്തിക്കുന്ന നവ്യ ബേക്ക്സ് ആൻഡ് കൺഫെക്ഷനറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 40 ലക്ഷം രൂപ കൈമാറി. നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ കമ്പനി മാനേജിങ് ഡയറക്ടർ ബിജു ജോസഫ് ചക്കിയത്തിൽ നിന്നും ചെക്ക് സ്വീകരിച്ചു. ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, കെഎസ്ആർടിസി സിഎംഡി ഡോ. പി എസ് പ്രമോജ് ശങ്കർ തുടങ്ങിയവർ സന്നിഹിതരായി.

## കിഫ്ബി പുനഃസംഘടനാ സമിതി അംഗങ്ങളുടെ പദവികളിൽ തിരുത്തൽ

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) പുനഃസംഘടനയ്ക്കായി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതിയിലെ രണ്ട് അംഗങ്ങളുടെ ഔദ്യോഗിക പദവികളിൽ തിരുത്തൽ വരുത്തി. സമിതി അംഗങ്ങളായ നിലേഷ് വികംസെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ICAI) മുൻ പ്രസിഡന്റും കെകെസി & അസോസിയേറ്റ്സിലെ പാർട്ണറുമെന്നും ശുഭലക്ഷ്മി നാരായണൻ, ഐഎ&എഎസ് (റിട്ട.) ഓഡിറ്റ് ബോർഡ് മുൻ അംഗവും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഓഫീസിലെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫ് ഓഡിറ്റുമെന്നുമാണ് പദവികൾ തിരുത്തിയിട്ടുള്ളത്. 2026 ജൂലൈ 13 ലെ ധനവകുപ്പ് ഉത്തരവ് നമ്പർ 80/2026/ഫിൻ പ്രകാരമാണ് സമിതി രൂപീകരിച്ചത്.

## ക്വട്ടേഷൻ ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന മാധ്യമപ്രവർത്തകർക്ക് നൽകിവരുന്ന മീഡിയ, ജേണലിസ്റ്റ് അക്രഡിറ്റേഷൻ കാർഡുകൾക്കൊപ്പം കാർഡ് കെയ്സും (2000) അക്രഡിറ്റഡ് ജേണലിസ്റ്റ്, ഐ&പിആർഡി, ഗവൺമെന്റ് ഓഫ് കേരള എന്ന് പ്രിന്റ് ചെയ്ത 2000 ലാൻയാർഡും ലഭ്യമാക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ഒക്ടോബർ 28 വൈകിട്ട് അഞ്ചിനകം ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കണം. ഏജൻസികളുടെ പേരും ക്വട്ടേഷൻ വിവരവും കവറിന് പുറത്ത് രേഖപ്പെടുത്തണം. വിവരങ്ങൾക്ക്: www.prd.kerala.gov.in.

## കരാർ നിയമനം

തിരുവനന്തപുരം വികസന അതോറിറ്റിയിൽ ചീഫ് എൻജിനിയർ, ടൗൺ പ്ലാനർ, അഡ്മിനിസ്ട്രേറ്റീവ് ആൻഡ് റവന്യൂ ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്) തസ്തികകളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അതത് തസ്തികകളിൽ നിന്ന് വിരമിച്ചവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഒക്ടോബർ 26 വൈകിട്ട് 5ന് മുൻപ് ബയോഡാറ്റയും തപാൽ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ സഹിതം സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, ജയാമാൻഷൻ, വഴുതക്കാട്, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം 10 വിലാസത്തിൽ അപേക്ഷിക്കണം. വിവരങ്ങൾക്ക്: 2722748, www.trida.kerala.gov.in, tridasecretary@gmail.com

## വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ കരാറടിസ്ഥാനത്തിൽ റെസിഡന്റ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് ഒക്ടോബർ 29ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിവരങ്ങൾക്ക്: www.rcctvm.gov.in.

## സംസ്ഥാന ഭിന്നശേഷി അവാർഡ് : നാമനിർദേശം ക്ഷണിച്ചു

ഭിന്നശേഷിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നൈപുണ്യം തെളിയിച്ച വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കായി സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് 2026ന് നാമനിർദേശം ക്ഷണിച്ചു. നോമിനേഷനുകൾ ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 25. വിശദാംശങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുകളുമായി ബന്ധപ്പെടണം. ഫോൺ: 0471 2306040.

## തൊഴിൽമേള 23ന്

കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ ഒക്ടോബർ 23 രാവിലെ 10 മുതൽ സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് എസ്എസ്എൽസി, പ്ലസ്ടു, ഐടിഎ, ബിരുദവും അതിനു മുകളിലും യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം. https://tinyurl.com/4znu4b3t ൽ പേര് രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക്: 0471þ2304577 / Model Career Centre-Thiruvananthapuram ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.

## നവരാത്രി ആഘോഷം: തിങ്കളാഴ്ചയും പൊതു അവധി, ഉത്തരവിറങ്ങി

തിരുവനന്തപുരം: നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് തിങ്കളാഴ്ചയും അവധി പ്രഖ്യാപിച്ചു. എല്ലാ സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ദുർഗാഷ്ടമി ദിനമായ തിങ്കളാഴ്ച പൊതു അവധി ആയിരിക്കുമെന്ന് ഉത്തരവിൽ പറയുന്നു.

ഇതോടെ ഞായറാഴ്ച ഉൾപ്പെടെ നാലു ദിവസങ്ങളിൽ സർക്കാർ ഓഫിസുകൾക്ക് അവധിയായിരിക്കും

## മൂവാറ്റുപുഴയിലെ ആക്രമണം പരിശീലനത്തിൻറെ ഭാഗമോ; എബിനെ വീണ്ടും ചോദ്യം ചെയ്യാൻ എൻഐഎ

കൊച്ചി: സിനഗോഗ് ആക്രമണക്കേസിലെ പ്രതി എബിൻ പോളിനെതിരെ കൂടുതൽ തെളിവുകൾ അന്വേഷണ സംഘത്തിന് ലഭിച്ചതായി സൂചന.

മൂവാറ്റുപുഴയിലെ യൂസ്ഡ് കാർ ഷോറൂമിന് നേരെ ആക്രമണം നടത്തിയത് മറ്റ് സ്ഥലങ്ങളിൽ ആക്രമണം നടത്തുന്നതിനുള്ള പരിശീലനത്തിൻറെ ഭാഗമായിരുന്നുവെന്ന് അന്വേഷണത്തിൽ കണ്ടെത്തി.

ആക്രമണത്തിൻറെ ദൃശ്യങ്ങൾ ബോസ് എന്ന് വിളിക്കുന്ന വ്യക്തിക്ക് അയച്ചു നൽകിയതായും ക്രിപ്റ്റോ കറൻസി വഴി പണം നേടിയിരുന്നതായും വിവരമുണ്ട്. എബിനെ കസ്റ്റഡിയിലെടുത്ത് മൊബൈൽ ഫോൺ പരിശോധിച്ചപ്പോഴാണ് അന്വേഷണത്തിൽ നിർണായക വിവരങ്ങൾ ലഭിച്ചത്. ആയുധങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇയാൾ ഇൻറർനെറ്റിൽ തെരഞ്ഞതായും കണ്ടെത്തിയിട്ടുണ്ട്.

സംഭവവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനായി പൊലിസ് ടെലഗ്രാമിന് കത്തയച്ചിട്ടുണ്ട്. മൂവാറ്റുപുഴയിലെ ആക്രമണം നടത്തിയത് താനാണെന്ന് എബിൻ സമ്മതിച്ചതായാണ് വിവരം. മറ്റ് ചില സ്ഥലങ്ങളിൽ ആക്രമണം നടത്തുന്നതിനുള്ള പരിശീലനമായിരുന്നു ഇവിടെ നടത്തിയതെന്നും ഇയാൾ അന്വേഷണസംഘത്തോട് വെളിപ്പെടുത്തിയതായാണ് റിപ്പോർട്ട്.

കേസന്വേഷണത്തിനായി രൂപീകരിച്ച പ്രത്യേക സംഘം ഇന്നലെയാണ് എബിനെ രണ്ട് ദിവസത്തേക്ക് കസ്റ്റഡിയിൽ വാങ്ങിയത്. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിലാണ് കൂടുതൽ വിവരങ്ങൾ ലഭിച്ചത്. ആക്രമണദൃശ്യങ്ങൾ മറ്റൊരാൾക്ക് അയച്ചുനൽകിയതും അതുവഴി ക്രിപ്റ്റോ കറൻസി ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളും അന്വേഷണസംഘം പരിശോധിച്ചുവരികയാണ്.

സംഭവത്തിന് പിന്നിൽ തീവ്രവാദ ബന്ധമുണ്ടോയെന്ന സംശയത്തിൽ എബിൻ പോളിനെ ദേശീയ അന്വേഷണ ഏജൻസി വീണ്ടും ചോദ്യം ചെയ്യും. ആക്രമണങ്ങൾക്ക് പിന്നിലെ ലക്ഷ്യം, ബോസ് എന്ന് വിളിക്കുന്ന വ്യക്തിയുടെ പങ്ക്, ക്രിപ്റ്റോ ഇടപാടുകളുടെ വിശദാംശങ്ങൾ എന്നിവ കണ്ടെത്താനാണ് അന്വേഷണസംഘത്തിൻറെ ശ്രമം.

## അടിയന്തരാവസ്ഥ ഇന്ദിരയുടെ സംഭാവന, അരാജകത്വം രാഹുലിൻറെ രാഷ്ട്രീയം; ആഞ്ഞടിച്ച് രാജ്നാഥ് സിംഗ്

ലക്നോ: ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ രൂക്ഷ വിമർശനവുമായി പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ്. ജനാധിപത്യത്തിൻറെ പേരിൽ രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാൻ അനുവദിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. ഭരണഘടന പോക്കറ്റിലിട്ട് രാഹുൽ അരാജകത്വം പ്രചരിപ്പിക്കുകയാണ്.

നശീകരണത്തിൻറെ രാഷ്ട്രീയമാണ് അദ്ദേഹത്തിൻറേതെന്നും രാജ്നാഥ് സിംഗ് വിമർശിച്ചു. 1975ലെ അടിയന്തരാവസ്ഥയാണ് കോൺഗ്രസിൻറെ ആദ്യത്തെ വലിയ തെറ്റായി അദ്ദേഹം വിശേഷിപ്പിച്ചത്. 1984ലെ സിഖ് വിരുദ്ധ കലാപവും 1990ൽ രാമഭക്തരായ കർസേവകർക്കെതിരെ വെടിവെപ്പുണ്ടായ സർക്കാരിനെ പിന്തുണച്ചതും മറ്റ് രണ്ട് തെറ്റുകളാണെന്ന് രാജ്നാഥ് സിംഗ് ചൂണ്ടിക്കാട്ടി.

ഭരണഘടനയെയും ഭരണഘടനാ മൂല്യങ്ങളെയും നിരന്തരം ആക്രമിക്കുന്നതിലൂടെ കോൺഗ്രസ് നാലാമത്തെ ചരിത്രപരമായ തെറ്റ് ആവർത്തിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. 1975ൽ ഇന്ദിരാഗാന്ധി ജനാധിപത്യത്തെ ജയിലിലടച്ചെങ്കിൽ ഇന്ന് രാഹുൽ ഗാന്ധി ഭരണഘടനയെ പോക്കറ്റിലിട്ട് രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്.

കോൺഗ്രസിൻറെ ചരിത്രം പരിശോധിച്ചാൽ ഇത്തരം നിരവധി ഇരുണ്ട അധ്യായങ്ങൾ കാണാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബംഗ്ലാദേശിൽ നടന്നതുപോലെ ഇന്ത്യയിലും ഭരണമാറ്റം കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. യുവാക്കളെ കരുവാക്കി രാജ്യത്ത് കുഴപ്പങ്ങൾ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. രാഹുൽ ഗാന്ധി ജനവിധി മാനിക്കണം. സ്വന്തം രാഷ്ട്രീയ റോളെന്താണെന്ന് അദ്ദേഹം സ്വയം ചിന്തിക്കണമെന്നും രാജ്നാഥ് സിംഗ് ആവശ്യപ്പെട്ടു.

## എച്ച്എൽഎല്ലിൻെറ എല്ലാ ഉത്പന്നങ്ങളും സേവനങ്ങളും ഇനി ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ

തിരുവനന്തപുരം: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിൻറെ ഉത്പന്നങ്ങളും സേവനങ്ങളും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോമായ എച്ച്എൽഎൽ ഇ-സ്റ്റോർ പ്രവർത്തനമാരംഭിച്ചു.

പരമ്പരാഗത ബിസിനസ് രീതികളിൽ നിന്ന് ആധുനിക ഡിജിറ്റൽ സംവിധാനത്തിലേക്കുള്ള എച്ച്എൽഎല്ലിൻറെ മാറ്റത്തിലെ സുപ്രധാന ചുവടുവയ്പ്പാണിത്. ഉപഭോക്താക്കൾക്കും പങ്കാളികൾക്കും ആരോഗ്യ പരിപാലന സ്ഥാപനങ്ങൾക്കും എച്ച്എൽഎല്ലിൻറെ ഉത്പന്നങ്ങളും സേവനങ്ങളും എവിടെ നിന്നും പ്രയോജനപ്പെടുത്താൻ പുതിയ പ്ലാറ്റ്ഫോം സൗകര്യമൊരുക്കും.

www.hllestore.in എന്ന വെബ്സൈറ്റ് വഴി ഈ സേവനം ലഭ്യമാകും.

ഗർഭനിരോധന ഉത്പന്നങ്ങൾ, ആശുപത്രികളിലേക്കുള്ള അവശ്യവസ്തുക്കൾ, സ്ത്രീകളുടെ ആരോഗ്യ പരിചരണ ഉത്പന്നങ്ങൾ, മറ്റ് അവശ്യവസ്തുക്കൾ, വെൽനെസ് ഉത്പന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ഇ-സ്റ്റോറിൽ ലഭ്യമാണ്. ഉപഭോക്താക്കൾക്ക് ഇവ എവിടെനിന്നും ഏത് സമയത്തും വാങ്ങാനാകും.

കേവലം ഓൺലൈൻ വിപണന പ്ലാറ്റ്ഫോം എന്നതിലുപരി ജനങ്ങളെയും ഉത്പന്നങ്ങളെയും പങ്കാളിത്ത അവസരങ്ങളെയും ഒരൊറ്റ സംവിധാനത്തിൽ ബന്ധിപ്പിക്കുന്ന വേദിയാണ് എച്ച്എൽഎൽ ഇ-സ്റ്റോർ. ഇതിലൂടെ ആരോഗ്യ ഉത്പന്നങ്ങളും സേവനങ്ങളും കൂടുതൽ എളുപ്പത്തിലും സൗകര്യപ്രദമായും ജനങ്ങളിലേക്ക് എത്തിക്കാനാകുമെന്ന് എച്ച്എൽഎൽ അധികൃതർ വ്യക്തമാക്കി.

ആരോഗ്യ-ക്ഷേമ മേഖലയിൽ സമഗ്രമായ സേവനങ്ങൾ ഒരിടത്തുനിന്ന് ലഭ്യമാക്കുന്ന ഏകജാലക സംവിധാനമായാണ് എച്ച്എൽഎൽ ഇ-സ്റ്റോർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്കും ബിസിനസ് സ്ഥാപനങ്ങൾക്കും എച്ച്എൽഎല്ലിൻറെ ഉത്പന്നങ്ങളും സേവനങ്ങളും എളുപ്പത്തിൽ പ്രയോജനപ്പെടുത്താൻ ഇതിലൂടെ സാധിക്കും.

കേന്ദ്ര ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനിരത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ, രാജ്യത്തെ ആരോഗ്യസംവിധാനം ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ടെന്ന് കമ്പനി അധികൃതർ പറഞ്ഞു. ഇ-സ്റ്റോർ ആരംഭിച്ചതോടെ വിശ്വാസ്യതയാർജിച്ച സേവനപാരമ്പര്യം ഡിജിറ്റൽ മേഖലയിലേക്കും വ്യാപിപ്പിക്കുകയാണ്. എച്ച്എൽഎൽ ഉത്പന്നങ്ങൾ വിശ്വസനീയമായ ഉറവിടത്തിൽ നിന്ന് നേരിട്ട് ഓൺലൈനായി വാങ്ങാനും ഉപഭോക്താക്കൾക്ക് സാധിക്കും. ഉപഭോക്താക്കൾക്ക് നേരിട്ടുള്ള വിൽപ്പന, ബിസിനസ് സ്ഥാപനങ്ങൾ തമ്മിലുള്ള ഇടപാടുകൾ, ആഗോള വിപണിയിലേക്കുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കും എച്ച്എൽഎൽ ഇ-സ്റ്റോർ സൗകര്യമൊരുക്കുന്നു. കമ്പനികൾക്കും സ്ഥാപനങ്ങൾക്കും എച്ച്എൽഎല്ലുമായി ബിസിനസ് പങ്കാളികളായി സഹകരിക്കാം.

ചില്ലറ വിൽപ്പനക്കാർ, വിതരണക്കാർ, ഡീലർമാർ, ആരോഗ്യരംഗത്തെ സംരംഭകർ എന്നിവർക്ക് എച്ച്എൽഎല്ലുമായി സഹകരിക്കാനും ഗുണമേൻമ യുള്ള ആരോഗ്യ ഉത്പന്നങ്ങളുടെ ലഭ്യത കൂടുതൽ വിപുലമാക്കാനും അവസരമൊരുക്കുന്നു.

ആശുപത്രികൾ, ആരോഗ്യ സേവനദാതാക്കൾ, സർക്കാർ ഏജൻസികൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കും ഇ-സ്റ്റോർ പ്രയോജനപ്പെടും. പരസ്പര സഹകരണം, ഉത്പന്ന സംഭരണം, ദീർഘകാല പങ്കാളിത്തം എന്നിവയ്ക്കുള്ള അവസരങ്ങൾ ഒരുക്കുന്നതിലൂടെ രാജ്യത്തെ ആരോഗ്യസേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ പ്ലാറ്റ്ഫോം സഹായിക്കും.

## തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷയും മാനസികാരോഗ്യവും: സംസ്ഥാന വനിതാ കമ്മിഷൻ സെമിനാർ ഇന്ന്

സംസ്ഥാന വനിതാ കമ്മിഷന്റെ നേതൃത്വത്തിൽ 'ജഛടഒ അഇഠ 2013 & സ്ത്രീകളുടെ മാനസികാരോഗ്യം' എന്ന വിഷയത്തിൽ സംസ്ഥാനതല സെമിനാറും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിക്കുന്നു. ശനിയാഴ്ച (ഒക്ടോബർ 17) രാവിലെ 10 മുതൽ വൈകിട്ട് 4 വരെ തിരുവനന്തപുരം തൈക്കാട് ഗവ.റസ്റ്റ് ഹൗസ് മെയിൻ ഹാളിലാണ് പരിപാടി നടക്കുന്നത്. തൊഴിൽ, വനിതാ-ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ സെമിനാർ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വനിതാ കമ്മീഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി ചടങ്ങിൽ അധ്യക്ഷത വഹിക്കും.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതവും അന്തസ്സുള്ളതുമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനായുള്ള ജഛടഒ അരഠ 2013ന്റെ നിയമപരമായ സംരക്ഷണം, പരാതി പരിഹാര സംവിധാനങ്ങൾ, സ്ത്രീകളുടെ മാനസികാരോഗ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുസമൂഹത്തിൽ അവബോധം വളർത്തുകയാണ് സെമിനാറിന്റെ ലക്ഷ്യം. വനിതാ കമ്മിഷൻ മെമ്പർ സെക്രട്ടറി ബീന വൈ.ബി സ്വാഗതം ആശംസിക്കും. തൈക്കാട് വാർഡ് കൗൺസിലർ ജി. വേണുഗോപാൽ, കുന്നുകുഴി വാർഡ് കൗൺസിലർ മേരി പുഷ്പം, വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ. ഇന്ദിര രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമൻ മത്തായി, വി.ആർ. മഹിളാമണി, അഡ്വ. പി. കുഞ്ഞയിഷ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിക്കും.

തുടർന്ന് പോഷ് ആക്ട് 2013 സംബന്ധിച്ച് നിയമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയും ഐ.എം.ജി. ഫാക്കൽറ്റിയുമായ ഷിജി വി., സ്ത്രീകളുടെ മാനസികാരോഗ്യം എന്ന വിഷയത്തിൽ കേരള ഹൈക്കോടതി അഡ്വക്കേറ്റും കൗൺസിലിംഗ് സൈക്കോളജിസ്റ്റുമായ ഡോ. പി.എം. ബിനു തോട്ടത്തിൽ എന്നിവർ ബോധവത്കരണ ക്ലാസ്സെടുക്കും.

## മാർഗദീപം സ്കോളർഷിപ്പിന് 31 വരെ അപേക്ഷിക്കാം

സർക്കാർ സ്കൂൾ/ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർഥികൾക്കായി (മുസ്ലിം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2026–27 സാമ്പത്തിക വർഷം മാർഗദീപം സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ഒരു വർഷം സ്കോളർഷിപ്പ് തുകയായി 1,500 രൂപയാണ് ഒറ്റത്തവണയായി അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാനം 2,50,000 രൂപ കവിയാൻ പാടില്ല. അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷാ ഫോം സ്ഥാപനമേധാവി (www.margadeepam.kerala.gov.in) പോർട്ടലിൽ നിന്ന് അപേക്ഷകർ ഡൗൺലോഡ് ചെയ്ത് ലഭ്യമാക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31 രാത്രി 11 വരെ. വിവരങ്ങൾക്ക്: www.margadeepam.kerala.gov.in, 04712300524,

## ഡെപ്യൂട്ടി ഡയറക്ടർ നിയമനം

ഇൻഫർമേഷൻ കേരള മിഷനിൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ്, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് വിഭാഗങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ ഡെപ്യൂട്ടേഷൻ / കരാർ നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 24 വരെ നീട്ടി. കമ്പ്യൂട്ടർ സയൻസിൽ ബി.ടെക്, എംസിഎ ആണ് യോഗ്യത. വിവരങ്ങൾക്ക്: https://ikm.gov.in.

## തീർഥാടന മുന്നൊരുക്കം വിലയിരുത്താൻ മുഖ്യമന്ത്രി ഇന്ന് ശബരിമലയിലെത്തും

മണ്ഡല-മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി വി ഡി സതീശനും ദേവസ്വം മന്ത്രി കെ മുരളീധരനും ഇന്ന് (ഒക്ടോബർ 17) ശബരിമലയിലെത്തും. രാവിലെ 9ന് നിലക്കൽ ഗസ്റ്റ് ഹൗസിൽ തീർത്ഥാടന മുന്നൊരുക്കങ്ങൾ പരിശോധിക്കും. തുടർന്ന് 10.30 ന് പമ്പ ശ്രീരാമ സാകേത ഓഡിറ്റോറിയത്തിൽ വിവിധ വകുപ്പുകളുടെ അവലോകന യോഗവും ഏകോപന യോഗവും ചേരും. വൈകിട്ട് 4 ന് സന്നിധാനത്തെ തീർത്ഥാടന മുന്നൊരുക്കങ്ങൾ പരിശോധിക്കും. തുടർന്ന് വൈകിട്ട് 5 ന് മുഖ്യമന്ത്രി ക്ഷേത്ര ദർശനം നടത്തും.

# ജപ്പാനിൽ ട്രെയിനിടിച്ച് മരിച്ച ദേവികയുടെ ചിതാഭസ്മം കുടുംബത്തിന് കൈമാറി

ഇരിട്ടി: ജപ്പാനിൽ ബുള്ളറ്റ് ട്രെയിൻ തട്ടി മരിച്ച ഇരിട്ടി പടിയൂർ സ്വദേശി വി. ദേവികയുടെ ചിതാഭസ്മം ദുഖസാന്ദ്രമായ അന്തരീക്ഷത്തിൽ അഡ്വ. സജീവ് ജോസഫ് എംഎൽഎയുടെ നേതൃത്വത്തിൽ കുടുംബത്തിന് കൈമാറി. വ്യാഴാഴ്ച പുലർച്ചെ തിരുവനന്തപുരം എയർപോർട്ടിലെത്തിച്ച ചിതാഭസ്മം നോർക്ക അധികൃതരുടെ നേതൃത്വത്തിൽ ട്രെയിൻ വഴി കണ്ണൂരിലെത്തിച്ചാണ് കുടുംബത്തിന് കൈമാറിയത്.

ജപ്പാനിലെ ഗിഫു പ്രവിശ്യയിലുള്ള കകമിഗാഹാരയിൽ സെപ്റ്റംബർ രണ്ടിനാണ് ദേവികയെ ബുള്ളറ്റ് ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തിയത്. രാത്രി പത്തരയോടെയായിരുന്നു അപകടം. സംഭവ ദിവസം രാത്രി എട്ടരയോടെ ദേവിക നാട്ടിലുള്ള അമ്മയെ വീഡിയോ കോൾ ചെയ്തിരുന്നു. പണം പിൻവലിക്കാൻ പുറത്തുപോവുകയാണെന്നാണ് അമ്മയോട് പറഞ്ഞിരുന്നത്.

പിന്നീട് വിവരമൊന്നും ഇല്ലാതായതോടെ ദേവികയെ കാണാനില്ലെന്ന് കാണിച്ച് ബന്ധുക്കൾ മുഖ്യമന്ത്രി മുഖ്യമന്ത്രി വി.ഡി. സതീശൻ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയിരുന്നു. ഇതിനിടെയാണ് റെയിൽവേ ട്രാക്കിന് സമീപത്തുനിന്ന് ലഭിച്ച തിരിച്ചറിയൽ കാർഡിൻറെ അടിസ്ഥാനത്തിൽ മരിച്ചത് ദേവികയാണെന്ന് ജപ്പാൻ അധികൃതർ സ്ഥിരീകരിച്ചത്.

മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജപ്പാനിൽ വച്ചുതന്നെ ദേവികയുടെ സംസ്കാര ചടങ്ങുകൾ നടത്തിയിരുന്നു. കുടുംബത്തിൻറെ അനുവാദത്തോടെ കേന്ദ്ര വിദേശകാര്യ മന്ത്രാലയം, ഇന്ത്യൻ എംബസി, ജപ്പാനിലെ മലയാളി സംഘടനാ പ്രതിനിധികൾ എന്നിവരുടെ സഹായത്തോടെയായിരുന്നു സംസ്കാര ചടങ്ങുകൾ നടന്നത്.

മൃതദേഹം സംസ്കരിക്കുന്നതിനും ചിതാഭസ്മം നാട്ടിലെത്തിക്കുന്നതിനാവശ്യമായ രേഖകൾ തയാറാക്കി സമർപ്പിക്കുന്നതിനും, തുടർനടപടികളുടെ ഏകോപനത്തിനും നോർക്ക റൂട്ട്സാണ് നേതൃത്വം നൽകിയത്. സജീവ് ജോസഫ് എംഎൽഎയും ഇതിനാവശ്യമായ സഹായങ്ങൾ നൽകി.

പ്ലസ്ടു പഠനത്തിന് ശേഷം ലാബ് ടെക്നീഷൻ കോഴ്സ് പൂർത്തിയാക്കിയ ദേവിക, കാസർഗോഡ് നീലേശ്വരത്തെ ഒരു അക്കാദമിയിൽ നിന്ന് എട്ടുമാസം നീണ്ട ജാപ്പനീസ് ഭാഷാ കോഴ്സ് പഠിച്ച ശേഷമാണ് തൻറെ വലിയ സ്വപ്നമായിരുന്ന ജപ്പാൻ ജോലി നേടിയെടുത്തത്.

മൂന്നുവർഷത്തെ കരാറിൽ ജപ്പാനിലെത്തിയ ദേവിക, ഇഗലൊ ചൊവൻ സോഷ്യൽ വെൽഫെയർ കോർപറേഷൻ എന്ന സ്ഥാപനത്തിൽ നഴ്സിംഗ് അസിസ്റ്റൻറായി ആറുമാസം മുൻപാണ് ജോലിയിൽ പ്രവേശിച്ചത്.പ്രകാശൻറെയും ബീനയുടെയും മൂത്ത മകളാണ് ദേവിക. മകളെ കാണാനില്ലെന്ന കുടുംബത്തിൻറെ പരാതിയിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ, കെ.സി. വേണുഗോപാൽ, കെ. സുധാകരൻ എംപി, സജീവ് ജോസഫ് എംഎൽഎ എന്നിവർ ഇടപെട്ടിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കുടുംബത്തിന് ജപ്പാനിലേക്ക് പോകാൻ കഴിഞ്ഞിരുന്നില്ല.

തുടർന്ന് നിഹോൺ കൈരളി എന്ന മലയാളി സംഘടനയുടെ നേതൃത്വത്തിലാണ് ജപ്പാനിൽ ഹിന്ദു ആചാരപ്രകാരം സംസ്കാര ചടങ്ങുകൾ നടത്തിയത്. നാട്ടിലുള്ള കുടുംബാംഗങ്ങൾക്ക് കാണാനായി ചടങ്ങുകൾ തത്സമയം സ്ട്രീമിംഗ് ചെയ്തിരുന്നു.

നോർക്ക റൂട്ട്സ് ജൂനിയർ എക്സിക്യൂട്ടീവ് എം. ജയകുമാർ, നോർക്ക റൂട്ട്സ് സ്റ്റാഫ് അംഗം മനോജ് കുമാർ എന്നിവർ ചേർന്ന് ഇരിക്കൂർ എംഎൽഎ അഡ്വക്കേറ്റ് സജീവ് ജോസഫിന് ചിതാഭസ്മം കൈമാറി. പടിയൂർ നെടിയോടിയിലെ വീട്ടിലെത്തിച്ച ചിതാഭസ്മം എംഎൽഎയിൽ നിന്ന് ദേവികയുടെ പിതാവ് പ്രകാശൻ ഏറ്റുവാങ്ങി. തുടർന്ന് മാതാപിതാക്കളും, കുടുംബാംഗങ്ങളും, നാട്ടുകാരും ജനപ്രതിനിധികളും ചിതാഭസ്മത്തിൽ പുഷ്പാർച്ചന നടത്തി.



അത്യാധുനിക സജ്ജീകരണങ്ങളുള്ള 335 ആംബുലൻസുകൾ മന്ത്രിമാരായ കെ. മുരളീധരനും സി.പി. ജോണും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്യുന്നു

# വിളി വന്നാൽ പത്ത് മിനിട്ടിൽ ആംബുലൻസെത്തും: മന്ത്രി കെ മുരളീധരൻ

## 335 ആംബുലൻസുകൾ നിരത്തിലേക്ക്

രോഗികളുടെ വിളി വന്നാൽ പത്ത് മിനിറ്റിനുള്ളിൽ ആംബുലൻസ് സ്ഥലത്തെത്തുന്ന രീതിക്ക് തുടക്കമിടുകയാണെന്നും ഇത് രാജ്യത്ത് തന്നെ റെക്കോർഡ് സൃഷ്ടിക്കുമെന്നും ആരോഗ്യമന്ത്രി കെ മുരളീധരൻ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ 108 ആംബുലൻസുകളുടെ ഫ്ലാഗ് ഓഫ് ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആരോഗ്യവകുപ്പ് നിരത്തിലിറക്കുന്ന 335 ആംബുലൻസുകളുടെ ഫ്ലാഗ് ഓഫ് മന്ത്രിമാരായ കെ.മുരളീധരനും സി.പി. ജോണും ചേർന്ന് നിർവഹിച്ചു.

സാമ്പത്തികപ്രയാസം ബാധിക്കാത്ത രീതിയിൽ ആരോഗ്യവകുപ്പിനെ മുന്നോട്ട് കൊണ്ടുപോകുമെന്ന് മന്ത്രി കെ മുരളീധരൻ പറഞ്ഞു. ചുരുങ്ങിയ വിലയ്ക്ക് മികച്ച ഗുണമേന്മയുള്ള മരുന്നുകൾ സർക്കാർ എല്ലായിടത്തും ലഭ്യമാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികളെ നിലത്ത് കിടത്തുന്ന സമ്പ്രദായം അവസാനിപ്പിച്ചു. പുനലൂരിൽ ആരംഭിച്ച 24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം നൽകുന്ന പ്രതീക്ഷാ കേന്ദ്രം വൻ വിജയമായി. സംസ്ഥാനമെമ്പാടും പദ്ധതി വ്യാപിപ്പിക്കുന്നതിന് മുന്നോടിയായി ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ തുടങ്ങിയവർക്കായി തസ്തികകൾ സൃഷ്ടിക്കും. ഇതിനുള്ള നിർദേശം ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ഘട്ടംഘട്ടമായി നടപ്പാക്കും. പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ മുഖം നോക്കാതെ നടപടിയെടുക്കും. സർക്കാർ സർവീസിൽ തുടരുന്ന ഡോക്ടർമാരെ സർക്കാർ സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു.

നിയോ നേറ്റൽ, അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട്, ബേസിക് ലൈഫ് സപ്പോർട്ട് സജ്ജീകരണങ്ങളുള്ള അത്യാധുനിക ആംബുലൻസുകളാണ് നിരത്തിലിറക്കിയത്. ഇവയിൽ വെന്റിലേറ്റർ സംവിധാനമുള്ള 16 ആംബുലൻസുകളും ബേസിക് ലൈഫ് സപ്പോർട്ട് സംവിധാനമുള്ള 315 ആംബുലൻസുകളുമാണുള്ളത്.

നിയോ നേറ്റൽ സംവിധാനങ്ങളുള്ള ആംബുലൻസിന്റെ താക്കോൽ ദാനം മന്ത്രി കെ മുരളീധരൻ നിർവഹിച്ചു. അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് സംവിധാനങ്ങളുള്ള ആംബുലൻസിന്റെ താക്കോൽ ദാനം ആര്യാടൻ ഷൗക്കത്ത് എംഎൽഎ നിർവഹിച്ചു. ബേസിക് ലൈഫ് സപ്പോർട്ട് സംവിധാനങ്ങളുള്ള ആംബുലൻസിന്റെ താക്കോൽ ദാനം ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ് നിർവഹിച്ചു. നിയോ നേറ്റൽ ആംബുലൻസിലെ എമർജൻസി കിറ്റ് ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി കൈമാറി. അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസിലെ എമർജൻസി കിറ്റ് ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രേണു രാജ് കൈമാറി. ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസിലെ എമർജൻസി കിറ്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ കൈമാറി. തമ്പാനൂർ വാർഡ് കൗൺസലർ ആർ ഹരികുമാർ, കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ എം.ഡി. ഇൻ ചാർജ് രാകേഷ് ആർ.യു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പ്രിയദർശിനി കാരണം രക്ഷയില്ല; സ്വകാര്യ ബസുകൾ പണിമുടക്കിലേക്ക്

കൊച്ചി: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ സ്വകാര്യ ബസ് ഉടമകൾ പണിമുടക്കിലേക്ക്. സമര പ്രഖ്യാപനം ഉടൻ കൊച്ചിയിൽ നടത്തുമെന്ന് ഉടമകളുടെ സംഘടനകൾ അറിയിച്ചു. പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതിയിലൂടെയുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുക, ബസ് ചാർജ് വർധിപ്പിക്കുക, വിദ്യാർഥികളുടെ കൺസഷൻ നിരക്ക് ഉയർത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

ആറ് സംഘടനകൾ ഉൾപ്പെട്ട സംയുക്ത സംഘടനകളുടെ നേതൃത്വത്തിലാണ് പണിമുടക്ക് പ്രഖ്യാപിക്കാനൊരുങ്ങുന്നത്. അതേസമയം കേരള ബസ് ട്രാൻസ്പോർട്ട് ഫെഡറേഷൻ സമരത്തിൽ പങ്കെടുക്കില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ബസ് ഉടമകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണമെന്നാണ് പ്രധാന ആവശ്യം.

മിനിമം ചാർജ് 20 രൂപയായും വിദ്യാർഥികളുടെ കൺസഷൻ നിരക്ക് 10 രൂപയായും വർധിപ്പിക്കണമെന്നും സംഘടനകൾ ആവശ്യപ്പെടുന്നു. പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി നടപ്പാക്കിയ റൂട്ടുകളിൽ ആവശ്യമായ വരുമാനം ലഭിക്കാത്തതിനാൽ ഡീസൽ ചെലവുകൾ കണ്ടെത്താനും തൊഴിലാളികൾക്ക് മാന്യമായ വേതനം നൽകാനും കഴിയാത്ത സാഹചര്യമാണെന്ന് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ ഭാരവാഹികൾ പറഞ്ഞു.

ഈ റൂട്ടുകളിൽ സർവീസ് നടത്തുന്ന സ്വകാര്യ ബസുകളെ സംരക്ഷിക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. നേരത്തെ നവംബർ മുതൽ സർവീസുകൾ പൂർണമായി നിർത്തിവയ്ക്കുമെന്ന് സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ അറിയിച്ചിരുന്നു. പ്രക്ഷോഭത്തിൻറെ ഭാഗമായി ഈ മാസം 14ന് ഫെഡറേഷൻറെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലേക്ക് മാർച്ചും നടത്തിയിരുന്നു.

## കുടുംബശ്രീയിൽ ഒഴിവ്

കുടുംബശ്രീ മിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികകളിലെ നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചു. ഓരോ തസ്തികയ്ക്കും അനുയോജ്യമായ ശമ്പളസ്കെയിൽ ഉള്ള സർക്കാർ ജീവനക്കാർക്ക് അപേക്ഷ ഒക്ടോബർ 31 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് വിജ്ഞാപനം www.kudumbashree.org യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മേഴ്സി ചാൻസ്

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്താൻ തീരുമാനിച്ച 2010 മേഴ്സി ചാൻസ് (റിവിഷൻ 2010) പരീക്ഷാ രജിസ്ട്രേഷൻ ഒക്ടോബർ 23 വരെ നീട്ടി.

# പിണറായി വിജയനെ അറസ്റ്റ് ചെയ്യാൻ സാധ്യതയെന്ന് അഭിഭാഷകൻ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: മാസപ്പടി ക്കേസിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട കേരള ഹൈക്കോടതി വിധിക്കെതിരെ പ്രതിപക്ഷ നേതാവ് പിണറായി വിജയനും മകൾ ടി. വീണയും ഉൾപ്പെടെയുള്ളവർ സമർപ്പിച്ച ഹർജി അടിയന്തരമായി പരിഗണിക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി.

ദസറ അവധിക്കാലത്ത് ഹർജി കേൾക്കാൻ പ്രത്യേക ബെഞ്ച് രൂപീകരിക്കുന്നത് പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റീസ് വ്യക്തമാക്കി. സാധിച്ചില്ലെങ്കിൽ ഈ മാസം 26-ന് കേസ് പരിഗണിക്കുമെന്നും കോടതി അറിയിച്ചു.

ഹൈക്കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിൽ പ്രതിപക്ഷ നേതാവിനെ ഉൾപ്പെടെ കേന്ദ്ര അന്വേഷണ ഏജൻസികൾ അറസ്റ്റ് ചെയ്യാൻ സാധ്യതയുണ്ടെന്നും അതിനാൽ അടിയന്തരമായി വാദം കേൾക്കണമെന്നും ഹർജിക്കാർക്കു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ സിദ്ധാർത്ഥ് ലൂത്ര കോടതിയിൽ വാദിച്ചു.

എന്നാൽ, ഈ വാദം തള്ളിയ സുപ്രീം കോടതി സാധാരണ നടപടിക്രമങ്ങളിലൂടെ കേസ് കേൾക്കാമെന്ന് നിലപാടെടുക്കുകയായിരുന്നു.

ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ അന്വേഷണ ഉത്തരവ് ചോദ്യം ചെയ്താണ് പിണറായി വിജയൻ, മന്ത്രി മുഹമ്മദ് റിയാസ്, ടി. വീണ തുടങ്ങിയവർ സുപ്രീം കോടതിയെ സമീപിച്ചത്.

# ബയോപ്സിയില്ലാതെ ഗർഭാശയമുഖ അർബുദം വേഗത്തിൽ തിരിച്ചറിയാം

## പുതിയ ഉപകരണം വികസിപ്പിക്കാൻ ആർജിസിബി ഗവേഷകർക്ക് 7 കോടിയുടെ ഗ്രാൻറ്

തിരുവനന്തപുരം: ഗർഭാശയമുഖ അർബുദത്തിൻറെ പ്രാരംഭ ലക്ഷണങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന പുതിയ ഓട്ടോമേറ്റഡ് ഉപകരണം വികസിപ്പിക്കുന്ന പദ്ധതിയ്ക്കായി ബ്രിക്-രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിലെ ഗവേഷകർക്ക് ഏഴ് കോടി രൂപയുടെ ധനസഹായം ലഭിച്ചു. സാങ്കേതിക വിദഗ്ദ്ധരുടെയോ ബയോപ്സി പരിശോധനകളുടെയോ സഹായമില്ലാതെ രക്തപരിശോധനയിലൂടെ മിനിറ്റുകൾക്കകം അർബുദം കണ്ടെത്താൻ ഇതിലൂടെ സാധിക്കും.

അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ഗേറ്റ്സ് ഫൗണ്ടേഷൻ എന്നിവ ചേർന്ന് നടപ്പിലാക്കുന്ന 'മഹാ മെഡ്ടെക് മിഷൻറെ' ഭാഗമായാണ് ഗ്രാൻറ് ലഭിക്കുന്നത്. തിരുവനന്തപുരം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പായ 'ഇൻഡ്സിറ്റ ബയോടെക് പ്രൈവറ്റ് ലിമിറ്റഡ്', മഹാരാഷ്ട്രയിലെ 'കാർക്കിനോസ് ഹെൽത്ത്കെയർ പ്രൈവറ്റ് ലിമിറ്റഡ്' എന്നിവയുമായി സഹകരിച്ചാണ് ആർജിസിബി ഈ ഗവേഷണം നടത്തുന്നത്.

ബ്രിക്-ആർജിസിബി യിലെ ശാസ്ത്രജ്ഞരായ ഡോ. ജാക്സൺ ജെയിംസ്, ഡോ. അനി വി. ദാസ്, ഡോ. മഹേന്ദ്രൻ കെ. ആർ. എന്നിവരടങ്ങുന്നതാണ് ഗവേഷകസംഘം.

ബ്രിക്-രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിലെ ശാസ്ത്രജ്ഞർക്ക് അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻറെ ഗ്രാൻറ് ലഭിച്ചതിൽ വളരെയധികം അഭിമാനമുണ്ടെന്ന് ആർജിസിബി ഡയറക്ടർ ഡോ. ബീന പിള്ള പറഞ്ഞു. ഈ ഗ്രാൻറിനായി ആയിരത്തിലധികം പ്രൊപ്പോസലുകളാണ് അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷന് ലഭിച്ചത്. അതിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 33 പ്രൊപ്പോസലുകളിലൊന്ന് ആർജിസിബിയുടേതാണെന്നും അവർ കൂട്ടിച്ചേർത്തു.

രക്തത്തിലെ പൈആർ.എൻ.എ അധിഷ്ഠിത ബയോമാർക്കറുകൾ കണ്ടെത്താനും അതീവ കൃത്യതയുള്ള തൻമാത്രാ പരിശോധനാ സംവിധാനമായ 'നാനോപോർ ടെക്നോളജി' ഉപയോഗിച്ച് അവ വിശകലനം ചെയ്യാനും കഴിയുന്ന രീതിയിലാണ് ഉപകരണം രൂപകല്പന ചെയ്തിരിക്കുന്നത്. കുറഞ്ഞ പരിശീലനം കൊണ്ട് വേഗത്തിൽ പ്രവർത്തിപ്പിക്കാവുന്ന ഒരു ഓട്ടോമേറ്റഡ് പരിശോധനാ സംവിധാനം വികസിപ്പിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

പ്രത്യേക ലബോറട്ടറി സൗകര്യങ്ങൾ കൂടാതെയും ഉപയോഗിക്കാൻ കഴിയുന്ന ലളിതമായ ഒരു സാങ്കേതികവിദ്യ വികസിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗവേഷണ പദ്ധതിക്ക് നേതൃത്വം നൽകുന്ന പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ ഡോ. ജാക്സൺ ജെയിംസ് പറഞ്ഞു. ഉപകരണം പൂർണ്ണമായി വികസിപ്പിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കിക്കഴിഞ്ഞാൽ രക്തസാമ്പിൾ മാത്രം രോഗി നൽകിയാൽ മതിയാകും. തുടർന്ന് ഓട്ടോമേറ്റഡ് സംവിധാനം വിശകലനം പൂർത്തിയാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യയിൽ സ്ത്രീകൾക്കിടയിൽ കണ്ടുവരുന്ന ഏറ്റവും സാധാരണമായ അർബുദങ്ങളിലൊന്നാണ് ഗർഭാശയമുഖത്തിലെ അർബുദം. ആദ്യഘട്ടത്തിൽ തന്നെ ഇത് തിരിച്ചറിയുന്നത് ചികിത്സ കൂടുതൽ ഫലപ്രദമാക്കും. രോഗം ഗുരുതരമായ അവസ്ഥയിലേക്ക് മാറുന്നതിന് മുൻപ് തന്നെ ഗർഭാശയമുഖത്തുണ്ടാകുന്ന അസാധാരണ മാറ്റങ്ങൾ കണ്ടെത്താൻ നേരത്തെയുള്ള പരിശോധനയിലൂടെ സാധിക്കും. എന്നാൽ നിലവിലെ പല പരിശോധനകളും പ്രയാസകരവും വിദഗ്ദ്ധരുടെ സേവനം ആവശ്യമുള്ളതും ഗ്രാമീണ മേഖലകളിലും ചെറിയ നഗരങ്ങളിലും ലഭ്യമാകാത്തതുമാണ്. ഈ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്താനാണ് ആർജിസിബി സംഘം ലക്ഷ്യമിടുന്നത്.

ശരീരത്തിൽ വലിയ മുറിവുകൾ ഉണ്ടാക്കാത്തതും ചെറിയതോതിലുള്ള സാങ്കേതിക സഹായത്തോടെ പ്രവർത്തിപ്പിക്കാവുന്നതും വേഗത്തിലും എളുപ്പത്തിലും പരിശോധന നടത്താൻ സഹായകവുമായ രീതിയിലാണ് ഈ സാങ്കേതികവിദ്യ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഗവേഷണ സംഘത്തിലെ അംഗമായ ഡോ. അനി വി. ദാസ് പറഞ്ഞു. പരമ്പരാഗത ലബോറട്ടറി സൗകര്യങ്ങൾ പരിമിതമായ സാഹചര്യങ്ങളിൽപ്പോലും രോഗനിർണയത്തിനായുള്ള പരിശോധനയ്ക്കും രോഗം നേരത്തേ കണ്ടെത്തുന്നതിനും സഹായകമാകുന്ന സംവിധാനം വികസിപ്പിക്കാൻ ഇതിലൂടെ സാധ്യമാകും.

ഇതിനോടകം പേറ്റൻറ് നേടിയ ഈ സാങ്കേതികവിദ്യ സെൽ കൾച്ചറുകളിലും എലികളിലും നടത്തിയ പ്രാഥമിക ലബോറട്ടറി പരിശോധനകളിൽ വിജയം കണ്ടിട്ടുണ്ട്. കൂടാതെ മനുഷ്യൻറെ രക്ത സാമ്പിളുകൾ ഉപയോഗിച്ചുള്ള പൈലറ്റ് പഠനവും ലബോറട്ടറി തലത്തിൽ പൂർത്തിയായി. ഉപകരണത്തിൻറെ പ്രാരംഭ ഘട്ട പ്രോട്ടോടൈപ്പ് നിർമ്മാണം ഇപ്പോൾ പുരോഗമിക്കുകയാണ്. ലാബിൽ കണ്ടെത്തിയ സാങ്കേതികവിദ്യയെ ഉപയോഗപ്രദമായ ഒരു രോഗനിർണ്ണയ ഉപകരണമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുന്നു.

# അമേരിക്ക – പാക് യുദ്ധമുണ്ടായാൽ ഇന്ത്യ പാക്കിസ്ഥാനൊപ്പം നിൽക്കും: രാജസ്ഥാൻ ബിജെപി അധ്യക്ഷൻ

ജയ്പുർ: അമേരിക്കയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ അയൽരാജ്യമെന്ന നിലയിൽ ഇന്ത്യ പാക്കിസ്ഥാനൊപ്പം നിൽക്കുമെന്ന് രാജസ്ഥാൻ ബിജെപി അധ്യക്ഷൻ മദൻ റാത്തോർ. ജയ്പുരിൽ നടന്ന പൊതുപരിപാടിക്കിടെ സംസാരിക്കുമ്പോഴാണ് റാത്തോറിൻറെ പരാമർശം. പാക്കിസ്ഥാൻ നമ്മുടെ അയൽരാജ്യമായതുകൊണ്ട് നമ്മൾ അവർക്കൊപ്പമായിരിക്കും നിൽക്കുക. എന്നാൽ, വിഷയം നമുക്കിടയിലുള്ളതാണെങ്കിൽ, നമ്മൾ നമ്മുടെ ഇന്ത്യയ്ക്കൊപ്പമാണ് നിൽക്കുക. ഇതാണ് എല്ലാവരും മനസ്സിലാക്കേണ്ടത്' എന്നായിരുന്നു റാത്തോറിൻറെ വാക്കുകൾ.റാത്തോറിൻറെ പ്രസ്താവന വലിയ രാഷ്ട്രീയ കൊടുങ്കാറ്റിന് തിരികൊളുത്തി. വാർത്ത പുറത്തുവന്നതോടെ ഭരണപക്ഷത്തെ കടുത്ത ഭാഷയിൽ വിമർശിച്ച് കോൺഗ്രസും ആം ആദ്മി പാർട്ടിയും രംഗത്തെത്തി.എന്നാൽ, തൻറെ പ്രസ്താവന വളച്ചൊടിച്ചതാണെന്നും ക്രിക്കറ്റ് മത്സരവുമായി ബന്ധപ്പെടുത്തി നടത്തിയ പരാമർശത്തെ ദുർ വ്യാഖ്യാനം ചെയ്യുകയായിരുന്നുവെന്നും റാത്തോർ വിശദീകരണം നൽകി.

# കാറിടിച്ചു വീണ ബൈക്ക് യാത്രക്കാരൻെറ കൈപ്പത്തിയിലൂടെ കാർ കയറിയിറങ്ങി

വൈപ്പിൻ: മോട്ടോർ ബൈക്കിൻറെ പിന്നിൽ കാർ ഇടിച്ചതിനെ തുടർന്ന് റോഡിലേക്ക് തെറിച്ച് വീണ ബൈക്ക് യാത്രികൻറെ കൈപ്പത്തിയിലൂടെ കാർ കയറിയിറങ്ങി. കൊടുങ്ങല്ലൂർ മേത്തല തോപ്പിൽ വീട്ടിൽ തോപ്പിൽ വീട്ടിൽ മുഹമ്മദ് ആദിലിനാണ് (26) പരിക്കേറ്റത്.കഴിഞ്ഞദിവസം രാത്രി 9.30ന് വൈപ്പിൻ സംസ്ഥാനപാതയിൽ മാലിപ്പുറം പാൽ ഡയറിക്ക് മുന്നിൽ വച്ചായിരുന്നു അപകടം. വിരലുകൾക്ക് ഗുരുതരമായി പരിക്കേറ്റ ഇയാളെ കോലഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊലിസ് കേസ് എടുത്തിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ശ്രീകാര്യം ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസിലെ കൗൺസലിങ് സൈക്കോളജി വിഭാഗം വിദ്യാർഥികൾ നാലാഞ്ചിറ സർവോദയ സെൻട്രൽ വിദ്യാലയത്തിൽ 'വോക്സ് 26' മാനസികാരോഗ്യ ബോധവത്കരണ പരിപാടിയുടെ ഭാഗമായി 'ഇതും കടന്നുപോകും' എന്ന പ്രമേയത്തിൽ അവതരിപ്പിച്ച നൃത്തം.

# മാനസികാരോഗ്യ സന്ദേശവുമായി ലയോള; മാതൃകയായി സർവോദയ

## ലയോള കോളജിന്റെ 'വോക്സ് 26' സർവോദയ സെൻട്രൽ വിദ്യാലയത്തിൽ

തിരുവനന്തപുരം: ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ശ്രീകാര്യം ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസിലെ കൗൺസലിങ് സൈക്കോളജി വിഭാഗം നാലാഞ്ചിറ സർവോദയ സെൻട്രൽ വിദ്യാലയത്തിൽ 'വോക്സ് 26' എന്ന പേരിൽ മാനസികാരോഗ്യ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. പഠനമികവിനൊപ്പം വിദ്യാർഥികളുടെ മാനസിക ക്ഷേമത്തിനും പ്രാധാന്യം നൽകുന്ന സ്കൂളിന്റെ ഈ മുൻകൈ മറ്റു വിദ്യാലയങ്ങൾക്കും മാതൃകയാണ്. സ്കൂളിലെ സ്റ്റുഡന്റ് കൗൺസലർ അഞ്ജന എം. എസിന്റെ ക്ഷണപ്രകാരം ഒക്ടോബർ 13-ന് നടന്ന പരിപാടിയിൽ 900-ലധികം വിദ്യാർഥികൾ പങ്കെടുത്തു. സ്കൂൾ പ്രിൻസിപ്പൽ ജിനു ജെയിംസ് സ്വാഗതം ആശംസിച്ചു. ലയോള കോളജ് ബിരുദാനന്തര ബിരുദ കൗൺസലിങ് സൈക്കോളജി വിഭാഗം മേധാവി ഡോ. ജെസ്ലിൻ മരിയ മാമ്മൻ പരിപാടിക്ക് നേതൃത്വം നൽകി.

എം. എസ്സി. കൗൺസലിങ് സൈക്കോളജി വിദ്യാർഥികൾ ഫ്ലാഷ് മോബ്, തെരുവുനാടകം, 'ഇതും കടന്നുപോകും' എന്ന പ്രമേയത്തിലുള്ള നൃത്തം, സംഗീതാവിഷ്കാരം എന്നിവ അവതരിപ്പിച്ചു. ശരീരത്തിന്റെ ആരോഗ്യം പോലെ തന്നെ മനസ്സിന്റെ ആരോഗ്യവും പ്രധാനമാണെന്നും ജീവിതത്തിലെ വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ നേരിടാനും പരസ്പരം കരുതലോടെ ചേർത്തുനിർത്താനും കഴിയണമെന്നുമുള്ള സന്ദേശമാണ് പരിപാടി പങ്കുവച്ചത്.

# തുലാവർഷം ശക്തിപ്രാപിക്കുന്നു; വ്യാപക മഴയ്ക്ക് സാധ്യത, എല്ലാ ജില്ലകളിലും മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും, ശനിയാഴ്ച മുതൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു.വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് മുന്നറിയിപ്പുള്ളത്.

# 'കനിവ് കടലോളം' മുഖ്യമന്ത്രി പ്രകാശനം ചെയ്തു

## നൂറുദിന കർമ്മ പരിപാടിയിൽ 55 പദ്ധതികൾ പൂർത്തിയാക്കി മന്ത്രി വി. ഇ അബ്ദുൾ ഗഫൂർ

ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പുകൾ നൂറുദിന കർമ്മപരിപാടിയിൽ പൂർത്തീകരിച്ച പദ്ധതികൾ ഉൾപ്പെടുത്തി തയാറാക്കിയ കൈപ്പുസ്തകം 'കനിവ് കടലോളം' മുഖ്യമന്ത്രി വി.ഡി സതീശൻ പ്രകാശനം ചെയ്തു. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച മന്ത്രി വി.ഇ അബ്ദുൾ ഗഫൂറിനെയും വകുപ്പ് മേധാവികളെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ, വകുപ്പ് സെക്രട്ടറി, ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പുകളുടെ ഡയറക്ടർമാർ, തീരദേശ വികസന കോർപറേഷൻ, തുറമുഖ എഞ്ചിനീയറിംഗ്, മത്സ്യഫെഡ്, സാഫ്, അഡാക് മേധാവിമാർ തുടങ്ങിയവർ പങ്കെടുത്തു.

നൂറ് ദിനങ്ങളിലായി 422.89 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. തിരുവനന്തപുരം മുതൽ കാസർകോഡ് വരെ എല്ലാ ജില്ലകളിലും ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ലഘുവിവരണമാണ് പുസ്തകത്തിലുള്ളത്. നൂറുദിന കർമ്മപരിപാടിയിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിൽ 49 പദ്ധതികളും സാമൂഹ്യനീതി വകുപ്പിൽ ആറ് പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

തന്റെ വകുപ്പുകൾ ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തിയാക്കിയതായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ചില പദ്ധതികൾ ഉദ്ഘാടനം ചെയ്യാൻ ബാക്കിയുണ്ടെന്നും മന്ത്രി അബ്ദുൾ ഗഫൂർ പറഞ്ഞു. മത്സ്യമേഖലയിലെ സാധാരണക്കാരെയും ഭിന്നശേഷിക്കാർ അടക്കമുള്ള സാമൂഹ്യനീതി അർഹിക്കുന്നവരെയും ചേർത്തുപിടിക്കുന്ന കൂടുതൽ ക്ഷേമ, സേവന പദ്ധതികൾ തയ്യാറാക്കി വരികയാണെന്നും മന്ത്രി അറിയിച്ചു.



നൂറു ദിനകർമ്മ പരിപാടിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് പൂർത്തിയാക്കിയ 54 പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ പുസ്തകം 'കനിവ് കടലോളം' മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു

# പോലീസിന്റെ കണ്ണീർ വാതക ഷെല്ലുകൾ പൊട്ടി: യുവമോർച്ച നേതാക്കൾക്ക് പരിക്ക്: സംസ്ഥാന വ്യാപകമായി പ്രതിഷേധത്തിന് ആഹ്വാനം




തിരുവനന്തപുരം: അഴിമതിക്കേസിലെ പ്രതിയായ പിണറായി വിജയൻ പ്രതിപക്ഷ നേതൃ സ്ഥാനത്ത് നിന്നും രാജി വെയ്ക്കണമെന്നാവശ്യപ്പെട്ട് യുവമോർച്ച നടത്തിയ നിയമസഭാ മാർച്ചിന് നേർക്കുണ്ടായ പോലീസ് നടപടിയിൽ നിരവധി പേർക്ക് ഗുരുതര പരിക്ക്. മുന്നറിയിപ്പില്ലാതെ പോലീസ് നടത്തിയ കണ്ണീർ വാതക ഷെൽ പ്രയോഗത്തിൽ യുവമോർച്ച സംസ്ഥാന സെക്രട്ടറി അദീന ഭാരതിയുടെ കൈക്ക് ഗുരുതരമായ പരിക്കേറ്റു. ഷെൽ പൊട്ടി വിരലിൽ നിന്നും മാംസ ഭാഗങ്ങൾ അടർന്നു പോയതിനെ തുടർന്ന് അദീനയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് അടിയന്തര ചികിത്സ നൽകി. യുവമോർച്ച തിരുവനന്തപുരം സൗത്ത് ജില്ലാ പ്രസിഡണ്ട് ചൂണ്ടിക്കൽ ഹരിയുടെ കാലിന്റെ ലെഗ്മെന്റ്ന് തകരാറുണ്ടായി. നിരവധി വനിതാ പ്രവർത്തകർ ഷെൽ പൊട്ടിയതിനെ തുടർന്ന് തളർന്ന് വീണു. മുപ്പതോളം യുവമോർച്ച പ്രവർത്തകർക്ക് പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ ആണ്. ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ എസ് സുരേഷ്, സംസ്ഥാന വൈസ് പ്രസിഡണ്ട് പി സുധീർ, യുവമോർച്ച സംസ്ഥാന അധ്യക്ഷൻ വി മനു പ്രസാദ് അടക്കമുള്ള നേതാക്കൾ ആശുപത്രികളിൽ പ്രവർത്തകരെ സന്ദർശിച്ചു. പോലീസ് നടപടിക്കെതിരെ യുവമോർച്ച ഇന്നും നാളെയും സംസ്ഥാന വ്യാപക പ്രതിഷേധത്തിനു ആഹ്വാനം നൽകി. ജില്ലാ, മണ്ഡല, പഞ്ചായത്ത് കേന്ദ്രങ്ങളിൽ യുവമോർച്ച – ബിജെപി പ്രവർത്തകർ പിണറായിയെ സംരക്ഷിക്കുന്ന സതീശൻ സർക്കാരിന്റെയും പോലീസിന്റെയും നടപടികൾക്കെതിരെ പ്രതിഷേധ പ്രകടനങ്ങൾ നടത്തും.

# രണ്ട് കേസുകളിൽ കുറ്റപത്രമില്ല; രാഹുൽ മാങ്കൂട്ടത്തിലിനെതിരായ കേസുകളിൽ അന്വേഷണം എങ്ങുമെത്തിയില്ല

തിരുവനന്തപുരം: മുൻ എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിനെതിരായ പീഡന ക്കേസുകളിൽ അന്വേഷണം ഇഴയുന്നു. രണ്ട് കേസുകളിൽ പത്ത് മാസത്തിലേറെ പിന്നിട്ടിട്ടും ഇതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥരിൽ പലരെയും സ്ഥലംമാറ്റിയതോടെ കേസുകളുടെ തുടർ നടപടികളും മന്ദഗതിയിലായെന്നാണ് റിപ്പോർട്ടുകൾ.2025 നവംബർ 28നാണ് രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ആദ്യ കേസ് രജിസ്റ്റർ ചെയ്തത്. യുവതിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയെന്നും ഗർഭച്ഛിദ്രത്തിന് ഭീഷണിപ്പെടുത്തിയെന്നുമായിരുന്നു പരാതി. ഡിസംബർ മൂന്നിന് രണ്ടാമത്തെ കേസും രജിസ്റ്റർ ചെയ്തു. ഇതരസംസ്ഥാനത്ത് പഠിക്കുന്ന യുവതിയെ വിവാഹവാഗ്ദാനം നൽകി ആളൊഴിഞ്ഞ വില്ലയിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിച്ചെന്നായിരുന്നു രണ്ടാമത്തെ പരാതിയിലെ ആരോപണം.

ഈ കേസുകൾ രജിസ്റ്റർ ചെയ്തതിന് പിന്നാലെ രാഹുൽ ഒളിവിൽ പോയിരുന്നു. പിന്നീട് മുൻകൂർ ജാമ്യം നേടിയശേഷം പാലക്കാട് എംഎൽഎ എന്ന നിലയിൽ മണ്ഡലത്തിൽ വീണ്ടും സജീവമാകുന്നതിനിടെയാണ് മൂന്നാമത്തെ കേസും അറസ്റ്റുമുണ്ടായത്. ഹോട്ടലിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിച്ചെന്ന യുവതിയുടെ പരാതിയിലായിരുന്നു മൂന്നാമത്തെ കേസിൽ നടപടി.

ഈ കേസിൽ രാഹുലിന് 17 ദിവസം ജയിലിൽ കഴിയേണ്ടിവന്നു. മൂന്ന് കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത് ഈ കേസിൽ മാത്രമാണെന്നാണ് റിപ്പോർട്ട്. അതേസമയം കേസുകളിൽ തുടർനടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന കാര്യത്തിൽ വ്യക്തതയില്ല.

# ചീഫ് വിപ്പ് മാത്യു കുഴൽനാടൻ; കോൺഗ്രസ് പാർലമെൻററി പാർട്ടി ഭാരവാഹികളെ തെരഞ്ഞെടുത്തു

തിരുവനന്തപുരം: കോൺഗ്രസ് പാർലമെൻററി പാർട്ടി ഉപനേതാവായി എൻ. ശക്തനെ തെരഞ്ഞെടുത്തു. ഇന്നലെ മുഖ്യമന്ത്രി വി.ഡി. സതീശൻറെ അധ്യക്ഷതയിൽ പാർലമെൻററി പാർട്ടി നേതാവായ മുഖ്യമന്ത്രി വി.ഡി. സതീശൻറെ ചേർന്ന യോഗത്തിലാണ് തീരുമാനം.

യോഗത്തിൽ പാർലമെൻററി പാർട്ടി സെക്രട്ടറിയായി എം. വിൻസെൻറിനെയും ട്രഷററായി ടി.ജെ. വിനോദിനെയും ചീഫ് വിപ്പായി ഡോ. മാത്യു കുഴൽനാടനെയും വിപ്പുമാരായി ഐ.സി ബാലകൃഷ്ണൻ, സി.ആർ. മഹേഷ്, സനീഷ്കുമാർ ജോസഫ്, ഉമ തോമസ് എന്നിവരെയും തെരഞ്ഞെടുത്തു.വനാതിർത്തി പങ്കിടുന്ന ഓരോ നിയമസഭാ മണ്ഡലത്തിലും മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എംഎൽഎ അധ്യക്ഷനായും, ബന്ധപ്പെട്ട പാർലമെൻറ് അംഗം പ്രത്യേക ക്ഷണിതാവായും, ഡിഎഫ്ഒ അല്ലെങ്കിൽ വൈൽഡ് ലൈഫ് വാർഡൻ കൺവീനറായും സമിതി രൂപീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇതിൽ അംഗങ്ങളാണ്.കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം 100 ശതമാനം വർധിപ്പിക്കുന്നതിനും, മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25 ശതമാനം വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനമായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

# നെടുമ്പാശേരി വാഹനാപകട വ്യാജവാർത്ത: ഡെപ്യൂട്ടി സ്പീക്കറുടെ മൊഴി രേഖപ്പെടുത്തി

തിരുവനന്തപുരം: നെടുമ്പാശേരി വാഹനാപകടവുമായി ബന്ധപ്പെട്ട് ഉയർന്ന വ്യാജവാർത്താ പരാതിയിൽ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻറെ മൊഴി പൊലിസ് രേഖപ്പെടുത്തി. സംസ്ഥാന പൊലിസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴയിൽ നിന്നുള്ള പ്രത്യേക അന്വേഷണ സംഘം തിരുവനന്തപുരത്തെത്തിയാണ് നടപടികൾ പൂർത്തിയാക്കിയത്.

നെടുമ്പാശേരി വാഹനാപകടത്തിലെ പ്രതിയെ സഹായിക്കാൻ ഡെപ്യൂട്ടി സ്പീക്കർ ശ്രമിച്ചെന്ന തരത്തിൽ പുറത്തുവന്ന വ്യാജ പ്രചാരണങ്ങൾക്കെതിരെ നൽകിയ പരാതിയിലാണ് പൊലിസ് നടപടി. പരാതിയിൽ പൊലിസ് എഫ്ഐആർ രജിസ്റ്റർ ചെയ്യും.

# സംസ്ഥാനത്ത് നവംബർ മൂന്നു മുതൽ സ്വകാര്യ ബസ് സമരം

കൊച്ചി: വിവിധ ആവശ്യങ്ങളുന്നയിച്ചു സംസ്ഥാനത്ത് സ്വകാര്യ ബസുകൾ നവംബർ മൂന്നു മുതൽ പണിമുടക്കും.

മിനിമം യാത്രാനിരക്ക് 15 രൂപയാക്കുക, വിദ്യാർഥികളുടെ കൺസഷൻ നിരക്കും വർധിപ്പിക്കുക, പ്രിയദർശിനി ബസ് സർവീസിലൂടെ സ്വകാര്യ ബസുകൾക്കുണ്ടായ നഷ്ടം പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണു ബസുടമകൾ സമരത്തിലേക്കു നീങ്ങുന്നത്.കൊച്ചിയിൽ ബസുമകളുടെ വിവിധ സംഘടനകളുടെ ഏകോപന യോഗത്തിലായിരുന്നു സമര പ്രഖ്യാപനം.

# ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിൽ മാർഗനിർദേശവുമായി കുഫോസിൽ 'ഓഫീസ് അവേഴ്സ്'



ഗവേഷകരുടെയും സംരംഭകരുടെയും നൂതന ആശയങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശ സംരക്ഷണം ഉറപ്പാക്കുന്നതിനായി അടൽ ഇൻക്യുബേഷൻ സെന്റർകുഫോസും കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയും (കുഫോസ്) പുത്രൻ അസോസിയേറ്റ്സുമായി സഹകരിച്ച് 'ഓഫീസ് അവേഴ്സ് ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് (IPR)' പരിപാടി സംഘടിപ്പിച്ചു.

കുഫോസ് ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി ഡീൻ ഡോ. രാധിക രാജശ്രീ ഉദ്ഘാടനം ചെയ്തു.

പുത്രൻ അസോസിയേറ്റ്സിലെ പേറ്റന്റ് അനലിസ്റ്റ് ധന്യ രാമചന്ദ്രൻ, ബൗദ്ധിക സ്വത്തവകാശം, പേറ്റന്റ് നടപടികൾ, നൂതന ആശയങ്ങളുടെ സംരക്ഷണം, ഗവേഷണഫലങ്ങളുടെ സാങ്കേതികവിദ്യാ വാണിജ്യവത്കരണം എന്നിവയെക്കുറിച്ച് ക്ലാസ് നയിച്ചു.

പേറ്റന്റ് സാധ്യതകൾ, ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിനുള്ള മാർഗങ്ങൾ, അനുയോജ്യമായ സംരക്ഷണ തന്ത്രങ്ങൾ എന്നിവ ചർച്ച ചെയ്തു.

പുത്രൻ അസോസിയേറ്റ്സിലെ അമീന എസ്., മഞ്ജു മനത്തറ, അധ്യാപകർ, ഗവേഷകർ,സ്റ്റാർട്ടപ്കൾ എന്നിവർ പങ്കെടുത്തു.